മംഗളം
15 February 2017



# സി.എം.എഫ്.ആർ.ഐ രാജ്യത്തിന് നൽകിയ പ്രധാന സംഭാവനകൾ

കൊച്ചി: ജി.ഐ.എസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 1511 ഫിഷ് ലാൻഡിംഗ് സെന്ററുകളിൽനിന്ന് 1200 ലധികം മത്സ്യയിനങ്ങളുടെ കണക്കെടുപ്പ് നടത്തുന്നത് സി.എം.എഫ്.ആർ.ഐയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തെയും രാജ്യത്തെ മൊത്ത മത്സ്യലഭ്യതയുടെ വിവരം സി.എം.എഫ്.ആർ.ഐ ഏപ്രിൽ മാസം അവസാനം പുറത്തുവിടാറുണ്ട്. സമുദ്രമത്സ്യകൃഷിയിൽ വൻ മുന്നേറ്റത്തിന് വഴിവയ്ക്കുന്ന വാണിജ്യപ്രധാന സമുദ്രമത്സ്യങ്ങളുടെ വിത്തുൽപാദനം, കാലാവസ്ഥാ വ്യതിയാനം സമുദ്ര ജീവജാലങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചുള്ള പഠനം എന്നിവ സി.എം.എഫ്.ആർ.ഐയുടെ പ്രധാന നേട്ടങ്ങളാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് അനുയോജ്യമായി പരമാവധി ചിലവ് കുറഞ്ഞ രീതിയിൽ കൂടു മത്സ്യകൃഷി സാങ്കേതിക വിദ്യ വികസിപ്പിക്കാൻ കഴിഞ്ഞത് സമുദ്രമത്സ്യ കൃഷി മേഖലയിൽ വൻ മുന്നേറ്റത്തിന് വഴിവച്ചിട്ടുണ്ട്. നിലവിൽ 1100 കൂടുകൃഷി സംരംഭങ്ങൾ സി.എം.എഫ്.ആർ.ഐയുടെ മേൽനോട്ടത്തിൽ രാജ്യത്ത് നടന്നുവരുന്നുണ്ട്. ഇതുവരെ 255 പുതിയ മത്സ്യയിനങ്ങളെ കണ്ടെത്തുകയും പേര് നൽകുകയും ചെയ്തിട്ടുണ്ട്. അതത് സമയങ്ങളിലെ മത്സ്യങ്ങളുടെ ലാൻഡിങ്, വിപണിയിലെ വിലവിവരം തുടങ്ങിയവ ഉൾക്കൊള്ളിച്ച് സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച ഫിഷ് വാച്ച് വെബ് പോർട്ടൽ മത്സ്യത്തൊഴിലാളികൾക്കും, കയറ്റുമതി, മത്സ്യവിപണനം രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കും ഏറെ പ്രയോജനകരമാണ്.

അഷ്ടമുടിക്കായലിലെ കക്കകൾക്ക് രാജ്യാന്തര ഏജൻസിയായ മറൈൻ സ്റ്റ്യുവാർഡ്ഷിപ്പ് കൗൺസിലിന്റെ (എം.എസ്.സി) സർട്ടിഫിക്കേഷൻ ലഭ്യമാക്കാൻ സി.എം.എഫ്.ആർ.ഐക്ക് സാധിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു പ്രദേശത്തെ ജലകൃഷി ഉൽപ്പന്നത്തിന് എം.എസ്.സി സർട്ടിഫിക്കേഷൻ ലഭിക്കുന്നത്. കടലിൽ നിന്ന് പിടിക്കേണ്ട മീനുകളുടെ പരമാവധി വലിപ്പം നിജപ്പെടുത്തുന്ന മിനിമം ലീഗൽ സൈസ് (എം.എൽ.എസ്) 58 മത്സ്യങ്ങൾക്കായി നിശ്ചയിച്ചതും സി.എം.എഫ്.ആർ.ഐയാണ്.

കടൽ ജീവികളിൽ നിന്നും പ്രമേഹത്തിനും സന്ധിവേദനക്കും പൊണ്ണത്തടിക്കും മരുന്നുകൾ സി.എം.എഫ്.ആർ.ഐ വികസിപ്പിച്ചിട്ടുണ്ട്. മത്സ്യത്തീറ്റ, മത്സ്യരോഗ നിർണയ കിറ്റ്, ജൈവവളം എന്നിവയും സി.എം.എഫ്.ആർ.ഐയുടെ സംഭാവനകളാണ്. രാജ്യാന്തര വിപണിയിൽ ഏറെ ആവശ്യക്കാരുള്ള 20 ഇനം സമുദ്രഅലങ്കാര മത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതിക വിദ്യയോടൊപ്പം കല്ലുമ്മക്കായയുടെ വൻതോതിലുള്ള വിത്തുൽപാദനം, നഴ്സറി റിയറിങ് സാങ്കേതികവിദ്യ എന്നിവയും സി.എം.എഫ്.ആർ.ഐയുടെ പ്രധാന നേട്ടങ്ങളാണ്.

എല്ലാ അഞ്ച് വർഷത്തിലും സി.എം.എഫ്.ആർ.ഐ മറൈൻ ഫിഷറീസ് സെൻസസ് നടത്തുന്നുണ്ട്. രാജ്യത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നിലവാരം മനസിലാക്കാൻ ഇത് സഹായകരമാകും. കൂടാതെ, കേന്ദ്ര സർക്കാരിനും വിവിധ സംസ്ഥാന സർക്കാരുകൾക്കും അതത് സമയങ്ങളിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നയരൂപീകരണം നടത്തുന്നതിനും സി.എം.എഫ്.ആർ.ഐ സാങ്കേതിക സഹായം ചെയ്തുവരുന്നുണ്ട്. ട്രോളിങ് നിരോധനം, ദേശീയ സമുദ്രമത്സ്യനയം തുടങ്ങിയവ ഇതിൽ ഉൾപ്പെടും. സി.എം.എഫ്.ആർ.ഐയുടെ സമുദ്ര ജൈവവൈവിധ്യ മ്യൂസിയം ഇന്ത്യാ ഗവൺമെന്റ് നാഷണൽ റിപ്പോസിറ്ററി ആയി പ്രഖ്യാപിച്ചിട്ടുണ്ട്. 2313 സമുദ്ര ജീവജാലങ്ങളുടെ മാതൃകകൾ മ്യൂസിയത്തിലുണ്ട്. ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം (ഐ.സി.എ.ആർ) ഏർപ്പെടുത്തിയ ബെസ്റ്റ് ഔട്ട്സ്റ്റാൻഡിംഗ് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് 2007 ൽ സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചു. നാല് തവണ ഇന്ദിരാഗാന്ധി രാജ്യസഭാ പുരസ്കാരവും ആറ് തവണ രാജശ്രീ ടാന്റൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.